പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1674

04.12.2018-ൽ മറുപടിക്ക്

# മഴവന്നൂർ പഞ്ചായത്തിൽ പുതുതായി ആരംഭിച്ച മാവേലി സ്റ്റോർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) മഴവന്നൂർ പഞ്ചായത്തിൽ പുതിയതായി ആരംഭിച്ച മാവേലി സ്റ്റോറിന് തനത് ഫണ്ടിൽനിന്നും വാടക നൽകുന്നതിനുള്ള പഞ്ചായത്തിന്റെ അപേക്ഷയിൻ (FM/316/18/LSGD) നാളിതുവരെ തീർപ്പുകല്പിക്കാത്തതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ? | എ) മഴവന്നൂർ പഞ്ചായത്തിൽ പുതിയതായി ആരംഭിച്ച മാവേലി സ്റ്റോറിന് തനത് ഫണ്ടിൽനിന്നും വാടക നൽകുന്ന വിഷയം പരിശോധിക്കുന്നതിനായി, ടി മാവേലിസ്റ്റോറുമായി ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുവാനായി 21/11/2018 ലെ FM2/316/2018/LSGD കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) പായിപ്ര പഞ്ചായത്തിന്റെ സമാനമായ അപേക്ഷ (GO.No. 2183/17/LSGD dt. 29.06.17) തീർപ്പാക്കിയത് എത്ര ദിവസംകൊണ്ടെന്ന് വ്യക്തമാക്കാമോ; | ബി) പായിപ്ര ഗ്രാമപഞ്ചായത്തിന്റെ സമാന വിഷയത്തിന്മേലുള്ള അപേക്ഷ 05/04/2017 ൽ ഈ വകുപ്പിൽ ലഭിക്കുകയും ആയത് പരിശോധിച്ച് 29/06/2017 തീയതിയിലെ സ.ഉ.(സാധാ) നം.2183/2017/തസ്വഭവ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുള്ളതുമാണ്. |
| സി) പായിപ്ര പഞ്ചായത്തിനെ പോലെ പരിഗണിക്കാതെ മഴവന്നൂർ പഞ്ചായത്തിന്റെ അപേക്ഷയിൽമേൽ വിവേചനം കാണിക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ; | സി) ഈ വിഷയത്തിൽ യാതൊരു വിവേചനവും കാണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | തനത് ഫണ്ടിൽനിന്നും മേൽപറഞ്ഞ ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാർ ഉത്തരവ് നിലനിൽക്കെ മഴുവന്നൂർ പഞ്ചായത്തിന്റെ അപേക്ഷമേൽ അനാവശ്യമായി തീർപ്പ് കൽപ്പിക്കാതിരിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കാമോ; | ഡി) | ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ളതു പോലെ അപേക്ഷ അനാവശ്യമായി തീർപ്പ കൽപ്പിക്കാതിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. |
| ഇ) | മഴുവന്നൂർ പഞ്ചായത്തിന്റെ ന്യായമായ ആവശ്യം അംഗീകരിക്കാത്തതിന് വ്യക്തമായകാരണം ഉണ്ടെങ്കിൽ അത് വിശദമാക്കാമോ? | ഇ) | ഈ വിഷയത്തിൽ ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരം ലഭ്യമാക്കി, ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ